# 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 980** **31-01-2024 - ൽ മറുപടിയ്ക്ക്**

## വന്യജീവി ആക്രമണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് നാളിതു വരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വന്യ ജീവി ആക്രമണങ്ങൾ എത്ര; അതിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചു; എത്രപേർക്ക് പരിക്കേറ്റു; എത്ര രൂപയുടെ കൃഷി നാശമുണ്ടായി; വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് നാളിതു വരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വന്യ ജീവി ആക്രമണങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ബി) | ജീവഹാനി സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം എത്ര കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്; പരിക്കേറ്റ എത്രപേർക്ക് ചികിത്സാസഹായം അനുവദിച്ചിട്ടുണ്ട്; കൃഷി നാശം സംഭവിച്ച എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വർഷം തിരിച്ച് നൽകുമോ; | (ബി) | ജീവഹാനി സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. |
| (സി) | മരണാനന്തര നഷ്ടപരിഹാരം, ചികിത്സാസഹായം, കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം എന്നിവ നൽകാത്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ, ആനുകൂല്യം അനുവദിക്കാത്തതിന്റെ കാരണം സഹിതം വർഷം തിരിച്ച് വ്യക്തമാക്കുമോ? | (സി) | കൃത്യമായി രേഖകൾ ഹാജരാക്കുന്ന അർഹരായ എല്ലാ അപേക്ഷകർക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. എന്നാൽ മതിയായ ഫണ്ടിന്റെ ലഭ്യതക്കുറവ്, വ്യക്തമായ രേഖകൾ സമർപ്പിക്കാത്തത്, മരണപ്പെട്ട ആളെ തിരിച്ചറിയാൻ കഴിയാത്തത്, അപേക്ഷ സമർപ്പിക്കാൻ കഴിയാത്തത് തുടങ്ങിയ കാരണങ്ങളാൽ, 2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തികവർഷത്തിൽ ഇതുവരെ 6773 അപേക്ഷകൾക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. ഇത് സംബന്ധിച്ച വിവരം അനുബന്ധം (3) ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 3

| വർഷം | നഷ്ടപരിഹാരം നൽകാനുള്ള എണ്ണം |
|---|---|
| 2021-22 | 1191 |
| 2022-23 | 2222 |
| 2023-24 | 3360 |
| ആകെ | 6773 |

<u>**അനുബന്ധം - 2**</u>

| വർഷം | നഷ്ടപരിഹാരം ലഭിച്ചവരുടെ എണ്ണം | | |
|---|---|---|---|
| | ജീവഹാനി | പരിക്ക് | കൃഷിനാശം |
| 2021-22 | 118 | 951 | 6309 |
| 2022-23 | 89 | 956 | 5358 |
| 2023-24 | 65 | 338 | 2706 |

# അനുബന്ധം -1

| വർഷം | ആകെ ആക്രമണങ്ങൾ | ജീവഹാനി സംഭവിച്ച വരുടെ എണ്ണം | പരിക്ക് പറ്റിയ വരുടെ എണ്ണം | കൃഷിനാശത്തിലൂടെ ഉണ്ടായ നഷ്ടം (ലക്ഷത്തിൽ) |
|---|---|---|---|---|
| 2021-22 | 8841 | 98 | 1327 | 478.49 |
| 2022-23 | 8451 | 106 | 1209 | 433.01 |
| 2023-24 | 6461 | 75 | 669 | 270.31 |